# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ഫെബ്രുവരി 25**

---

## ‘ഡാറ്റ വാലിഡേഷൻ ഇല്ലെങ്കിൽ, ഗവേഷണത്തിന് അതിന്റെ മൂല്യം നഷ്ടപ്പെടും’ : ഡോ. എ.എസ്. സുമേഷ്

*ഡാറ്റ വാലിഡേഷൻ ഇല്ലെങ്കിൽ, ഗവേഷണത്തിന് അതിന്റെ മൂല്യം നഷ്ടപ്പെടുമെന്ന് മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് അംഗവും നെടുങ്കണ്ടം എം.ഇ.എസ് കോളേജ്  ഹിന്ദി വിഭാഗം മേധാവിയുമായ ഡോ. എ. എസ്. സുമേഷ്. സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള ക്വാണ്ടിറ്റേറ്റീവ് അനാലിസിസിനെക്കുറിച്ചു സർവകലാശാലയിലെ*

*സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കുന്ന മൂന്ന് ദിവസത്തെ ദേശീയ ഹാൻഡ്സ്-ഓൺ വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.*

*സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ പ്രൊഫ. (ഡോ.) വിനോദ് കുമാർ, കാലിക്കറ്റ് സർവകലാശാലയിലെ മനഃശാസ്ത്ര വിഭാഗം മുൻ മേധാവി പ്രൊഫ. (ഡോ.) കെ. മണികണ്ഠൻ,ഡോ. ബോബൻ ജോസഫ്, ഡോ. സ്വാതിമോൾ പി.എസ്. തുടങ്ങിയവർ സംസാരിച്ചു.*

*പ്രൊഫ. (ഡോ.) കെ. മണികണ്ഠൻ, ഡോ. അഷറഫ് അബ്ദുൾ സലാം (മുൻ ഫാക്കൽറ്റി, കിംഗ് സൗദ് യൂണിവേഴ്സിറ്റി, സൗദി അറേബ്യ), പ്രൊഫ. (ഡോ.) ഇമ്മാനുവൽ തോമസ് (മുൻ പ്രൊഫസർ & ഹെഡ്, സൈക്കോളജി ഡിപ്പാർട്ട്മെന്റ്, കേരള യൂണിവേഴ്സിറ്റി), പ്രൊഫ. (ഡോ.) കെ. കെ. ജോസ് (ഡയറക്ടർ, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, മുൻ പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി) പ്രൊഫ. (ഡോ.) നൗഷാദ് പി.പി. (ഡയറക്ടർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്മെന്റൽ സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി), പ്രൊഫ. (ഡോ.) റൊമേറ്റ് ജോൺ ( ഹെഡ്, സൈക്കോളജി ഡിപ്പാർട്ട്മെന്റ്, കർണാടക സെൻട്രൽ യൂണിവേഴ്സിറ്റി) എന്നിവർ സാങ്കേതിക സെഷനുകൾ നയിക്കും.*

*പ്രസക്തമായ സോഫ്റ്റ്‌വെയർ ഉപകരണങ്ങൾ ഉപയോഗിച്ച് ക്വാണ്ടിറ്റേറ്റീവ് ഡാറ്റ വിശകലനത്തിൽ പ്രായോഗിക കഴിവുകൾ വികസിപ്പിക്കുക എന്നതാണ് വർക്ക്*

*ഷോപ്പിന്റെ ലക്ഷ്യം. വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ എന്നിവരുൾപ്പെടെ 120 പേർ വർക്ക്ഷോപ്പിൽ പങ്കെടുക്കുന്നു. വർക്ക്ഷോപ്പ് നാളെ (ഫെബ്രുവരി 27) സമാപിക്കും.*

**ഫോട്ടോ ക്യാപ്ഷൻ**

*മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കുന്ന ത്രിദിന വർക്ക്ഷോപ്പ് സിൻഡിക്കേറ്റ് അംഗം ഡോ. എ. എസ്. സുമേഷ് ഉദ്ഘാടനം ചെയ്യുന്നു.*

*(പി.ആർ.ഓ/39/177/2026)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ ജേർണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ, എംഎ ഹിസ്റ്ററി, എംഎ ഇക്കണോമിക്സ്, എംഎ പൊളിറ്റിക്കൽ സയൻസ്, എംഎ ഹിന്ദി, എംഎ എക്കണോമെട്രിക്സ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 11 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

.............................

*മൂന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്.സി അപ്ലൈഡ് കെമിസ്ട്രി, എംഎസ്.സി സുവോളജി, എംഎസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ്, എംഎസ്.സി കമ്പ്യൂട്ടർ സയൻസ്, എംഎസ്.സി ജിയോളജി, എംഎസ്.സി സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ്), എംഎസ്.സി ബയോസ്റ്റാറ്റിസ്റ്റിക്സ്, എംഎസ്.സി ബയോകെമിസ്ട്രി, എംഎസ്.സി സൈബർ ഫോറൻസിക്സ്, എംഎസ്.സി ഇലക്ട്രോണിക്സ്(2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 11 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

.............................

*മൂന്നാം സെമസ്റ്റർ എംഎസ്.സി അനലിറ്റിക്കൽ കെമിസ്ട്രി, എംഎസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി, എംഎസ്.സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, എംഎസ്.സി പോളിമർ കെമിസ്ട്രി, എംഎസ്.സി ബോട്ടണി (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 11 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഓ/39/178/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*നാലാം സെമസ്റ്റർ ബി.വോക് (പുതിയ സ്കീം-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷകൾക്ക് മാർച്ച് രണ്ടു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് ഒമ്പതു വരെയും അപേക്ഷ സ്വീകരിക്കും.*

.............................

*അഫിലിയേറ്റഡ് കോളേജുകളിലെയും സിപാസിലെയു നാലാം സെമസ്റ്റർ ബി.എഡ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ റീഅപ്പിയറൻസ്, 2022 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2021 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2020 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ദ്വിവത്സര കോഴ്സ്) പരീക്ഷകൾ മാർച്ച് 25 മുതൽ നടക്കും. മാർച്ച് 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 12 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 13 വരെയും അപേക്ഷ സ്വീകരിക്കും.*

.............................

*എട്ടാം സെമസ്റ്റർ ബിഎച്ച്എം (പുതിയ സ്കീം-2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് മാർച്ച് അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് ആറു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് ഒമ്പതു വരെയും അപേക്ഷ സ്വീകരിക്കും.*

.............................

*നാലാം സെമസ്റ്റർ ബിഎച്ച്എം (പുതിയ സ്കീം-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് മാർച്ച് അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് ആറു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് ഒമ്പതു വരെയും അപേക്ഷ സ്വീകരിക്കും.*

.............................

*മൂന്നാം സെമസ്റ്റർ എംഎസ്.സി മെഡിക്കൽ ഡോക്യുമെൻറേഷൻ (2024 അഡ്മിഷൻ റഗുലർ, 2022, 2023 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 19 മുതൽ നടക്കും. മാർച്ച് അഞ്ചു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് ആറു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് ഏഴു വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഓ/39/179/2026)*

## പരീക്ഷ തീയതി

*അഫിലിയേറ്റഡ് കോളേജുകളിലേയും സിപാസിലെയും ഒന്നു മുതൽ ആറു വരെ സെമസ്റ്ററുകൾ എംസിഎ (2016ന് മുൻപുള്ള അഡ്മിഷനുകൾ, 2017 മുമ്പുള്ള അഡ്മിഷനുകൾ ലാറ്ററൽ എൻട്രി അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 23 മുതൽ നടക്കും.*

*(പി.ആർ.ഓ/39/180/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**